# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 12, ചൊവ്വാഴ്ച

**നമ്പർ 36**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം :

2019-ലെ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കാത്തത് കാരണം തുരുത്തുകളിലും തീരപ്രദേശങ്ങളിലും താമസിക്കുന്നവർക്ക് അതിന്റെ പ്രയോജനം ലഭ്യമാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) - യും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

1. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നടപ്പാക്കുന്ന 717 കോടി രൂപയുടെ സമഗ്ര വികസന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. കുട്ടികളിലും ചെറുപ്പക്കാരിലും കായിക സാക്ഷരതയെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും നിലവിലെ കായിക വിദ്യാഭ്യാസ സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. അബ്ദുൽ ഹമീദ് കായികം, വഖഫ്, ഹജ്ജ് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1656/2021(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | ശബരിമല സ്ത്രീ പ്രവേശനം, പൗരത്വ ഭേദഗതി നിയമം പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ | മുഖ്യമന്ത്രി |
| 2 | ശ്രീ. പ്രമോദ് നാരായൺ | റാന്നിയിൽ കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | വയനാട് ജില്ലയിലെ WCS പട്ടയ ഭൂമിയിൽ താമസിക്കുന്നവരുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. ടി. പി. രാമകൃഷ്ണൻ | കേരള ഗ്രാമീണ ബാങ്കിന്റെ ഓഹരി മൂലധനം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴ എക്സൽ ഗ്ലാസ് ഫാക്ടറിയുടെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. വി. ശ്രീനിജിൻ | കോലഞ്ചേരി ബൈപാസ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീമതി സി. കെ. ആശ | വൈക്കം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. വിജിൻ | കണ്ണൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. നജീബ് കാന്തപുരം | പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>നിയമനിർമ്മാണകാര്യം</u> :

<u>സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021 - ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും</u>

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. റോജി എം. ജോൺ, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സി. കെ. ഹരീന്ദ്രൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്ന തിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി. ഒ. എസ്. അംബിക ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കുംശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു:

(1) <u>2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

(1) ഖണ്ഡം 2(ഇ)-യ്ക്ക് ശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക:

"വിശദീകരണം:—അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നാൽ 2010 സെപ്റ്റംബർ 13-ാം തീയതിയിലെ സ.ഉ.(കൈ) നമ്പർ 210/2010/തസ്വഭവ. എന്ന സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പദ്ധതി എന്നർത്ഥമാകുന്നു."

(2) ഖണ്ഡം 2(ഒ)-യ്ക്ക് ശേഷം ചുവടെ ചേർത്തിരിക്കുന്ന ഉപഖണ്ഡം (പി) ചേർക്കുക:

"(പി) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു."

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3(4)(ഡി)-ൽ "തിരികെ നൽകുന്നതിന്" എന്ന വാക്കുകൾക്ക് പകരം "തിരികെ നൽകുന്നതിനും അവശതാപെൻഷൻ അനുവദിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കുക;";

<u>നാലാം വകുപ്പ്</u>

ഖണ്ഡം 4(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു

പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്."

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6(1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, അംശദായം അടയ്ക്കാതിരുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോധ്യമാകുന്നപക്ഷം, അപ്രകാരം വീഴ്ചവരുത്തിയ ആൾ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ അംശദായ കുടിശ്ശിക അടയ്ക്കുമ്പോൾ, അയാളുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതാണ്.".

<u>പതിമൂന്നാം വകുപ്പ്</u>

ഖണ്ഡം 13(1)-ൽ "ഓഫീസറായും" എന്നതിന് പകരം "ആഫീസറായും" എന്ന് ചേർക്കുക.

<u>ഇരുപത്തിയാറാം വകുപ്പ്</u>

ഖണ്ഡം 26-ൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ" എന്നതിന് പകരം "ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ" എന്ന് ചേർക്കുക.

(2) <u>2021 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021</u>

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xxii എ)-ൽ "രണ്ടു നില" എന്നതിന് പകരം "രണ്ട് നില" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

74 <u>എ</u>(1)(എ)-ൽ "തത്സമയം സാംക്രമികരോഗം ബാധിച്ച ഏതൊരാളും" എന്ന വാക്കുകൾക്ക് പകരം "സാംക്രമികരോഗം ബാധിച്ചിരിക്കുന്ന ഏതൊരാളും" എന്ന വാക്കുകൾ ചേർക്കുക.

(3) <u>2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ</u>

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3(ix) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(ix)(ഇസഡ്) ഖണ്ഡത്തിൽ,—

(എ) "ഒരു പ്രത്യേക പ്രദേശത്തിന്റെ സ്ഥലപരവികസനത്തിനു വേണ്ടി" എന്ന വാക്കുകൾക്ക് പകരം, "ഒരു നിശ്ചിത പ്രദേശത്തിന്റെ സ്ഥലപരവികസനത്തിനു വേണ്ടി" എന്ന വാക്കുകളും "ഏതെങ്കിലും പ്രത്യേക പ്രദേശത്തിന് വേണ്ടിയുള്ള" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും നിശ്ചിത പ്രദേശത്തിന് വേണ്ടിയുള്ള" എന്ന വാക്കുകളും ചേർക്കേണ്ടതാണ്;

(ബി) "ഒരു ജോയിന്റ് ആസൂത്രണപ്രദേശത്തിനു വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാനും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "പ്രത്യേക പ്രദേശത്തിനു വേണ്ടിയുള്ള സ്ഥലപരപ്ലാനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>നാൽപ്പത്തഞ്ചാം വകുപ്പ്</u>

ഖണ്ഡം 45 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49(ഡി)(2)-ൽ "മറ്റു" എന്നതിന് പകരം "മറ്റ് " എന്ന് ചേർക്കുക.

(4) <u>2021 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ “രണ്ടു" എന്നതിന് പകരം “രണ്ട്" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(എ)-ൽ "തത്സമയം സാംക്രമികരോഗം ബാധിച്ച ഏതൊരാളും" എന്ന വാക്കുകൾക്ക് പകരം "സാംക്രമികരോഗം ബാധിച്ചിരിക്കുന്ന ഏതൊരാളും" എന്ന വാക്കുകൾ ചേർക്കുക.

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6(i) താഴെപ്പറയും പ്രകാരം മാറ്റുക:

"(i)(1)-ാം ഉപവകുപ്പിൽ "കുടിലല്ലാത്ത" എന്ന വാക്കിന് പകരം "കുടിലോ കുറഞ്ഞ അപകട സാദ്ധ്യതയുള്ള കെട്ടിടങ്ങളോ അല്ലാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

2021 ഒക്ടോബർ 13- ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.03 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, October 12, 2021*

**No. 36**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri K. Babu (*Thripoonithura*) and five other Members regarding the serious situation reported to have arisen consequent on the losing of benefits of the Costal Zone Regulations, 2019 to those residing at islands and coastal areas due to the nonfinalising of coastal zone management plan on the basis of the regulations.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention* :

1. Shri Kadakampally Surendran called the attention of the Minister for Health and Woman and Child Development to the necessity to take steps to the time-bound completion of development project proposed with the assistance of KIIFB for ₹ 717 Crore for the inclusive development of Thiruvananthapuram Medical College. The Minister made a statement thereto.

2. Shri P. Abdul Hameed called the attention of the Minister for Sports, Wakf and Haj Pilgrimage to the necessity to take steps to create awareness among children and youth about sports literacy and the revision of existing sports education system accordingly. The Minister made a statement thereto.

KNPP. 1656/2021(ii).

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | ശബരിമല സ്ത്രീ പ്രവേശനം, പൗരത്വ ഭേദഗതി നിയമം പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ | മുഖ്യമന്ത്രി |
| 2 | ശ്രീ. പ്രമോദ് നാരായൺ | റാന്നിയിൽ കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | വയനാട് ജില്ലയിലെ WCS പട്ടയ ഭൂമിയിൽ താമസിക്കുന്നവരുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. ടി. പി. രാമകൃഷ്ണൻ | കേരള ഗ്രാമീണ ബാങ്കിന്റെ ഓഹരി മൂലധനം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴ എക്സൽ ഗ്ലാസ് ഫാക്ടറിയുടെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. വി. ശ്രീനിജിൻ | കോലഞ്ചേരി ബൈപാസ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീമതി സി. കെ. ആശ | വൈക്കം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. വിജിൻ | കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. നജീബ് കാന്തപുരം | പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Legislative Business* :

*Motion for Consideration and further stages of The Kerala Employment Guarantee Workers' Welfare Fund Bill, 2021, The Kerala Panchayat Raj (Amendment) Bill, 2021, The Kerala Town and Country Planning (Amendment) Bill, 2021 and The Kerala Municipality (Amendment) Bill as reported by the Subject Comittee.*

Shri M. V. Govindan Master, Minister for Local Self Governments, Rural Development and Excise moved the motion that The Kerala Employment Guarantee Workers' Welfare Fund Bill, 2021, The Kerala Panchayat Raj (Amendment) Bill, 2021, The Kerala Town and Country Planning (Amendment) Bill, 2021 and The Kerala Municipality (Amendment) Bill, 2021 as reported by the Subject Committee be taken up for consideration.

Shri Roji M. John, Shri P. Ubaidulla and Shri T. J. Vinod who recorded their dissent to the Subject Committee Reports spoke.

Shri Ramesh Chennithala as authorised by Shri C. R. Mahesh moved an amendment to circulate the The Kerala Employment Guarantee Workers' Welfare Fund Bill, 2021 for obtaining public opinion and spoke. Shri M. Rajagopalan as authorised by Shri C. K. Hareendran moved another amendment to recommit the Bill to the same Subject Committee and spoke.

Shri Sajeev Joseph moved an amendment to circulate the The Kerala Panchayat Raj (Amendment) Bill, 2021 for obtaining public opinion and spoke. Shri Linto Joseph as authorised by Shri K. Ansalan moved another amendment to recommit the Bill to the same Subject Committee and spoke.

Shri Thottathil Ravindran as authorised by Smt. O. S. Ambika moved an amendment to circulate the The Kerala Town and Country Planning (Amendment) Bill, 2021 for obtaining public opinion and spoke. Shri Thiruvanchoor Radhakrishnan moved another amendment to recommit the Bill to the same Subject Committee and spoke.

Shri N. K. Akbar as authorised by Shri P. Nandakumar moved an amendment to circulate the The Kerala Municipality (Amendment) Bill, 2021 for obtaining public opinion and spoke. DR. Mathew Kuzhalnadan as authorised by Shri Shafi Parambil moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply by the Minister the amendments moved were withdrawn with the leave of the House. Then the Bills as reported by the Subject Committe were taken into consideration and were passed by the House with the following amendments:

(1) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

രണ്ടാം വകുപ്പ്

(1) ഖണ്ഡം 2(ഇ)-യ്ക്ക് ശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക:

"വിശദീകരണം:—അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നാൽ 2010 സെപ്റ്റംബർ 13-ാം തീയതിയിലെ സ.ഉ.(കൈ) നമ്പർ 210/2010/തസ്വഭവ. എന്ന സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പദ്ധതി എന്നർത്ഥമാകുന്നു."

(2) ഖണ്ഡം 2(ഒ)-യ്ക്ക് ശേഷം ചുവടെ ചേർത്തിരിക്കുന്ന ഉപഖണ്ഡം (പി) ചേർക്കുക:

"(പി) "പട്ടിക" എന്നാൽ ഈ ആക്റ്റിലെ പട്ടിക എന്നർത്ഥമാകുന്നു."

മൂന്നാം വകുപ്പ്

ഖണ്ഡം 3(4)(ഡി)-ൽ "തിരികെ നൽകുന്നതിന്" എന്ന വാക്കുകൾക്ക് പകരം "തിരികെ നൽകുന്നതിനും അവശതാപെൻഷൻ അനുവദിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കുക;";

നാലാം വകുപ്പ്

ഖണ്ഡം 4(5)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു

പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്."

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6(1)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, അംശദായം അടയ്ക്കാതിരുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോധ്യമാകുന്നപക്ഷം, അപ്രകാരം വീഴ്ചവരുത്തിയ ആൾ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ അംശദായ കുടിശ്ശിക അടയ്ക്കുമ്പോൾ, അയാളുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതാണ്.".

<u>പതിമൂന്നാം വകുപ്പ്</u>

ഖണ്ഡം 13(1)-ൽ "ഓഫീസറായും" എന്നതിന് പകരം "ആഫീസറായും" എന്ന് ചേർക്കുക.

<u>ഇരുപത്തിയാറാം വകുപ്പ്</u>

ഖണ്ഡം 26-ൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ" എന്നതിന് പകരം "ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ" എന്ന് ചേർക്കുക.

(2) <u>2021 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2021</u>

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xxii എ)-ൽ "രണ്ടു നില" എന്നതിന് പകരം "രണ്ട് നില" എന്ന് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

74 <u>എ</u>(1)(എ)-ൽ "തത്സമയം സാംക്രമികരോഗം ബാധിച്ച ഏതൊരാളും" എന്ന വാക്കുകൾക്ക് പകരം "സാംക്രമികരോഗം ബാധിച്ചിരിക്കുന്ന ഏതൊരാളും" എന്ന വാക്കുകൾ ചേർക്കുക.

(3) <u>2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ</u>

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3(ix) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(ix)(ഇസഡ്) ഖണ്ഡത്തിൽ,—

(എ) "ഒരു പ്രത്യേക പ്രദേശത്തിന്റെ സ്ഥലപരവികസനത്തിനു വേണ്ടി" എന്ന വാക്കുകൾക്ക് പകരം, "ഒരു നിശ്ചിത പ്രദേശത്തിന്റെ സ്ഥലപരവികസനത്തിനു വേണ്ടി" എന്ന വാക്കുകളും "ഏതെങ്കിലും പ്രത്യേക പ്രദേശത്തിന് വേണ്ടിയുള്ള" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും നിശ്ചിത പ്രദേശത്തിന് വേണ്ടിയുള്ള" എന്ന വാക്കുകളും ചേർക്കേണ്ടതാണ്;

(ബി) "ഒരു ജോയിന്റ് ആസൂത്രണപ്രദേശത്തിനു വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാനും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "പ്രത്യേക പ്രദേശത്തിനു വേണ്ടിയുള്ള സ്ഥലപരപ്ലാനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

നാൽപ്പത്തഞ്ചാം വകുപ്പ്

ഖണ്ഡം 45 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 49(ഡി)(2)-ൽ "മറ്റു" എന്നതിന് പകരം "മറ്റ് " എന്ന് ചേർക്കുക.

(4) 2021 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(22 എ)-ൽ "രണ്ടു" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

അഞ്ചാം വകുപ്പ്

ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 130 എ(1)(എ)-ൽ "തത്സമയം സാംക്രമികരോഗം ബാധിച്ച ഏതൊരാളും" എന്ന വാക്കുകൾക്ക് പകരം "സാംക്രമികരോഗം ബാധിച്ചിരിക്കുന്ന ഏതൊരാളും" എന്ന വാക്കുകൾ ചേർക്കുക.

ആറാം വകുപ്പ്

ഖണ്ഡം 6(i) താഴെപ്പറയും പ്രകാരം മാറ്റുക:

"(i)(1)-ാം ഉപവകുപ്പിൽ "കുടിലല്ലാത്ത" എന്ന വാക്കിന് പകരം "കുടിലോ കുറഞ്ഞ അപകട സാദ്ധ്യതയുള്ള കെട്ടിടങ്ങളോ അല്ലാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

The House adjourned at 6.03 p.m. to meet again at 9.00 a.m. on Wednesday October 13, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*